# പ്രധാന വാക്കുകൾ: ശുചിമുറി, കുളിമുറിക്കസേരകൾ

| വാക്കുകൾ / പ്രയോഗം | നിർവചനം | ചിത്രം |
|---|---|---|
| **സന്ധിവാതം** | ഒരു വ്യക്തിയുടെ സന്ധികൾ ദൃഢമാവുകയും ചലിപ്പിക്കുമ്പോൾ വേദനാജനകമാവുകയും ചെയ്യുന്ന ഒരു ആരോഗ്യ പ്രശ്നം. | |
| **ചെറിയ തിരിയുന്ന ചക്രങ്ങൾ** | ഉരുളുമ്പോൾ കറങ്ങുന്ന (തിരിയുന്ന) ചക്രങ്ങൾ. ഓഫീസ് കസേരകളിലോ ചക്രക്കസേരകളുടെ മുൻവശത്തോ ഉള്ള ചെറിയ ചക്രങ്ങൾ ഉദാഹരണങ്ങളാണ്. | |
| **കത്തീറ്റർ** | മൂത്രാശയത്തിൽ നിന്ന് മൂത്രം വലിച്ചെടുക്കാൻ ഉപയോഗിക്കുന്ന മൃദുവായ ഒരു കുഴൽ. സ്വമേധയാ അല്ലെങ്കിൽ പരസഹായമില്ലാതെ മൂത്ര വിസർജ്ജനം ചെയ്യുവാൻ കഴിയാത്ത ആളുകളാണ് ഇത് ഉപയോഗിക്കുന്നത്. ഉപയോഗിക്കുന്ന കത്തീറ്ററിന്റെ തരം അനുസരിച്ച്, ലെഗ് ബാഗുകൾ പോലുള്ള മറ്റ് ഉപകരണങ്ങളും ആവശ്യമായി വന്നേക്കാം. |  |
| **പാരിസ്ഥിതിക തടസ്സങ്ങൾ** | ഒരു വ്യക്തിയുടെ പരിസ്ഥിതിയിലെ തടസ്സങ്ങൾ (ഉദാഹരണമായി, വീടിന് അകത്തും ചുറ്റുപാടും, അല്ലെങ്കിൽ സമൂഹത്തിൽ) അവർക്ക് സഞ്ചരിക്കുവാനുള്ള കഴിവിനെ തടസ്സപ്പെടുത്തുന്നവ. പാരിസ്ഥിതിക തടസ്സങ്ങൾക്ക് ഉദാഹരണങ്ങൾ:<br>• ചക്രക്കസേരയിലുള്ള വ്യക്തികൾക്ക് പ്രയാസം ഉണ്ടാക്കുന്ന പടികെട്ടുകൾ<br>• നടത്ത ഫ്രെയിം ഉപയോഗിക്കുന്നവർക്ക് കടന്ന് പോകുവാൻ കഴിയാത്ത ഇടുങ്ങിയ വാതിൽ. | |
| **ബലക്കുറവ്** | ക്ഷീണം, ബലക്കുറവ് കൂടാതെ ശേഷിക്കുറവ്. ആളുകൾക്ക് പ്രായം | |

| വാക്കുകൾ / പ്രയോഗം | നിർവചനം | ചിത്രം |
|---|---|---|
| | കൂടുമ്പോഴും ആരോഗ്യം കുറയുമ്പോഴും സാധാരണയായി ഉണ്ടാകാറുണ്ട്. | |
| **കൈവരി** | തുലനാവസ്ഥ നിലനിർത്തുന്നതിനോ ചലിക്കുന്നതിനോ ഒരു വ്യക്തിയെ സഹായിക്കുന്ന നിർദ്ധിഷ്ട സ്ഥലത്ത് പിടിപ്പിച്ചട്ടുള്ള ഒരു ദണ്ഡ്. |  |
| **ഹോയിസ്റ്റ്** | സ്ഥാനം മാറുന്നതിനായി, ഒരു വ്യക്തിയെ കുടുക്ക് ഉപയോഗിച്ചു ഉയർത്തുന്ന ഒരു സഹായക ഉപകരണം |  |
| **പേശീ നിയന്ത്രണമില്ലായ്മ** | ഒരു വ്യക്തിയ്ക്ക് മല മൂത്ര വിസർജ്ജനം നിയന്ത്രിക്കുവാൻ ബുദ്ധിമുട്ട് അല്ലെങ്കിൽ നിയന്ത്രിക്കുവാൻ പറ്റാതെ വരുക. | |
| **ശരിയായ ശരീരനില (പോസ്ചർ) പാലിക്കുവാനുള്ള പിന്തുണ** | ചക്രക്കസേരയോടൊപ്പം തന്നെ, ശുചിമുറി അല്ലെങ്കിൽ കുളിമുറിക്കസേര ഒരു വ്യക്തിയ്ക്ക് കൂടുതൽ പിന്തുണ നൽകുന്നു. ശരിയായ ശരീരനില (പോസ്ചർ) ഒരു വിദഗ്ദ്ധനാണ് നിർദേശിക്കേണ്ടത്. ശുചിമുറി അല്ലെങ്കിൽ കുളിമുറിക്കസേരയിലായിരിക്കുമ്പോൾ ശരിയായ ശരീരനില പാലിക്കുവാൻ സഹായിക്കുന്ന ചില ഉത്പന്നങ്ങൾക്ക് ഉദാഹരണങ്ങൾ:<br>• അരയിൽ ബന്ധിക്കുന്ന ബെൽറ്റ് (ലാപ് ബെൽറ്റ്)<br>• വശങ്ങളിൽ അധിക പിന്തുണ<br>• തല താങ്ങി (ഹെഡ് റെസ്റ്റ്) |  |
| **സമ്മർദ മുറിവ്** | ചർമ്മത്തിലുണ്ടാകുന്ന വിള്ളലാണ് സമ്മർദ മുറിവ്. ശരീരത്തിലെ എല്ലുന്തിയ ഭാഗങ്ങളിൽ, ചലിക്കുവാനും സ്ഥാനം മാറാനും ബുദ്ധിമുട്ടുള്ളവർക്കും | |

| വാക്കുകൾ / പ്രയോഗം | നിർവചനം | ചിത്രം |
|---|---|---|
| | സ്പർശനാനുഭൂതി (സംവേദനം) കുറവുള്ളവർക്കുമാണ് ഇത് സാധാരണയായി കണ്ടുവരുന്നത്. | |
| **സുഷുമ്നാ നാഡിയുടെ പരുക്ക്** | അപകടമോ അസുഖമോ മൂലം സുഷുമ്നാ നാഡിയ്ക്ക് ഉണ്ടാകുന്ന ക്ഷതം. സുഷുമ്നാ നാഡിയ്ക്ക് ക്ഷതമേറ്റ ശേഷം സന്ദേശങ്ങൾക്ക് ശരീരത്തിനും തലച്ചോറിനും ഇടയിൽ സുഷുമ്നാ നാഡിയിലൂടെ സഞ്ചരിക്കുവാൻ കഴിയില്ല. സാധാരണയായി ആ വ്യക്തിയ്ക്ക് ചലിക്കുവാൻ കഴിയില്ല (പാരലൈസ്ട്) ക്ഷതം സംഭവിച്ച ഭാഗത്തിന് താഴേയ്ക്ക് സ്പർശനാനുഭൂതിയുണ്ടാകില്ല. | |
| **പക്ഷാഘാതം** | തലച്ചോറിലേയ്ക്കുള്ള രക്തപ്രവാഹം തടസ്സപ്പെടുന്നു. ഇതിന്റെ ഫലമായി ശരീരത്തിന്റെ ഒരു ഭാഗത്തിന് ബലക്കുറവോ, ചലന ക്ഷമതയോ നഷ്ട്ടപ്പെടുന്നു, അത് പോലെ തന്നെ സംസാരത്തിലും സ്പർശനാനുഭവത്തിലും പ്രശ്നങ്ങൾ ഉണ്ടാകുന്നു. | |
| **ശുചിമുറിയുടെ വിവിധ തരങ്ങൾ:** | | |
| • **ഇരിക്കുന്ന ശുചിമുറി** | ഇരുന്ന് ഉപയോഗിക്കുന്ന തരത്തിലുള്ള ടോയിലെറ്റ്. |  |
| • **കുത്തിയിരിക്കുന്ന ശുചിമുറി** | കുത്തിയിരുന്ന് ഉപയോഗിക്കുന്ന തരത്തിലുള്ള ടോയിലെറ്റ്. |  |

| വാക്കുകൾ / പ്രയോഗം | നിർവചനം | ചിത്രം |
|---|---|---|
| **സ്ഥാന മാറ്റം** | നിങ്ങളുടെ ശരീരം ഒരു സ്ഥാനത്ത് നിന്ന് മറ്റൊരു സ്ഥാനത്തേയ്ക്ക് മാറ്റുക. |  |